2023
AUGUST
19
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## വിലക്കയറ്റം കുറവ് കേരളത്തിൽ :മുഖ്യമന്ത്രി



**തിരുവനന്തപുരം:** രാജ്യത്തെ ഏറ്റവും കുറഞ്ഞ വിലക്കയറ്റത്തോത് നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സപ്ലൈകോ ഓണം ഫെസ്റ്റിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു. രാജ്യത്ത് വിലക്കയറ്റം തടുത്തു നിർത്തുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്ന് ഇടപെടൽ ഉണ്ടാകുന്നില്ല. വിലക്കയറ്റം കേന്ദ്രം കണ്ടില്ലെന്ന് നടിക്കുന്ന സ്ഥിതിയാണ്. ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ സംസ്ഥാനത്ത് വലിയ തോതിൽ സാധനങ്ങൾക്ക് വില ഉയരേണ്ടതാണ്. എന്നാൽ വിലക്കയറ്റത്തോത് ദേശീയ ശരാശരിയേക്കാൾ താഴെ നിർത്താൻ കേരളത്തിന് കഴിയുന്നതായി മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി സംസ്ഥാന സർക്കാർ നിരന്തരം സ്വീകരിച്ച പ്രതിജ്ഞാബദ്ധമായ നടപടികളിലൂടെയാണ് ഇത് സാധ്യമായത്.ചില്ലറ വിൽപന അടിസ്ഥാനമാക്കുമ്പോൾ ദേശീയ നിലയിൽ ജൂലൈയിലെ വിലക്കയറ്റത്തോത് 7.44 ശതമാനമാണ്. പച്ചക്കറി വില ദേശീയതലത്തിൽ 37 ശതമാനം അധികം ഉയർന്നപ്പോൾ ധാന്യങ്ങളുടെയും പയർവർഗങ്ങളുടെയും വില 13 ശതമാനം അധികം വർധിച്ചു.ജനോപകാരപ്രദമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് സപ്ലൈകോ. എന്നാൽ അങ്ങനെയല്ലെന്ന് വരുത്തേണ്ടത് ചിലരുടെ ആവശ്യമാണ്. ഈ രംഗത്ത് ഒന്നും നടക്കുന്നില്ലെന്ന് വരുത്തിത്തീർക്കാൻ നിക്ഷിപ്ത താത്പര്യക്കാർ ശ്രമിക്കുന്നു. സപ്ലൈകോയെക്കുറിച്ച് അവമതിപ്പുണ്ടാക്കാൻ കുപ്രചരണം അഴിച്ചുവിടുന്നു.കഴിഞ്ഞ സാമ്പത്തിക വർഷം സപ്ലൈകോയുടെ ശരാശരി വിറ്റുവരവ് 252 കോടി രൂപയാണ്. നിലവിൽ 270 കോടി രൂപയും. സാധാരണക്കാർ സപ്ലൈകോയെ കൂടുതലായി ആശ്രയിക്കുന്നതിലാണിത്. ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് സാധനങ്ങൾ ഉറപ്പുവരുത്താൻ സർക്കാർ ശ്രമിക്കും. ചില സാധനങ്ങൾ ചില ദിവസങ്ങളിൽ ഉണ്ടായില്ലെന്നു വരാം. സ്റ്റോക്ക് തീരുന്നതും സാധനങ്ങൾ എത്തുന്നതിന് താമസമുണ്ടാകുന്നതും ഒരു മാസത്തേക്ക് കണക്കാക്കി സ്റ്റോക്ക് ചെയ്ത സാധനങ്ങൾ വേഗം തീരുന്നതുമൊക്കെ ഇതിന് കാരണമാണ്. സപ്ലൈകോയിൽ നല്ല രീതിയിൽ വിറ്റുവരവ് ഉണ്ടാകുന്നതായി മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനം പൊതുവിതരണ സമ്പ്രദായത്തിൽ ഫലപ്രദമായി ഇടപെടുന്നുണ്ട്. സപ്ലൈകോ, കൺസ്യൂമർഫെഡ്, സഹകരണ മേഖലയിലെ മറ്റു വിൽപന ശാലകൾ എന്നിവ നടത്തുന്ന വിപണി ഇടപെടൽ വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ സഹായിക്കുന്നതായി മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

### ഓണക്കാല മിന്നൽ പരിശോധന: സ്ക്വാഡുകൾ രൂപീകരിച്ചു

**കൊച്ചി:** ഓണക്കാല മിന്നൽ പരിശോധനകളുടെ ഭാഗമായി ലീഗൽ മെട്രോളജി വകുപ്പ് ജില്ലയിൽ മൂന്ന് സ്കാഡുകൾ രൂപീകരിച്ചതായി ലീഗൽ മെട്രോളജി ജോയിന്റ് കൺട്രോളർ അറിയിച്ചു. ഡെപ്യൂട്ടി കൺട്രോളർമാരുടെ നേതൃത്വത്തിലുള്ള സ്കാഡുകൾ ജില്ലയിലെ വിവിധ താലൂക്കുകളിൽ ഉത്സവകാല പരിശോധനകൾ ഊർജിതമായി സംഘടിപ്പിക്കും.പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി കാക്കനാട് ലീഗൽ മെട്രോളജി ഓഫീസിൽ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. അളവ് തൂക്ക ഉപകരണങ്ങൾ മുദ്ര പതിപ്പിക്കാതെ ഉപയോഗിക്കുക, അളവിലും തൂക്കത്തിലും കുറവു വരുത്തി വില്പന നടത്തുക, തുടങ്ങിയ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്ക് കൺട്രോൾ റൂമിൽ അറിയിക്കാവുന്നതാണ്. കൺട്രോൾ റൂം നമ്പർ:0484 2423180.

## അരിപ്പൊടി നിർമ്മാണം

# യൂണിറ്റുകളിൽ മിന്നൽ പരിശോധന

### അരിപ്പൊടി, പുട്ടുപൊടി, അപ്പം, ഇടിയപ്പം പൊടി നിർമ്മാണ യൂണിറ്റുകളിലാണ് പരിശോധന നടത്തിയത്



തിരുവനന്തപുരം: ഓണക്കാലത്ത് വിതരണം ചെയ്യുന്ന അരിപ്പൊടിയുടെ ഗുണനിലവാരവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി അരിപ്പൊടി നിർമ്മാണ യൂണിറ്റുകളിൽ പരിശോധന നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അരിപ്പൊടി, പുട്ടുപൊടി, അപ്പം, ഇടിയപ്പം പൊടി നിർമ്മാണ യൂണിറ്റുകളിലാണ് പരിശോധന നടത്തിയത്. ഓണത്തോടനുബന്ധിച്ച് വിപണിയിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഒന്നാണ് അരിപ്പൊടി. ലഭ്യമാകുന്ന ചില അരിപ്പൊടി ബ്രാൻഡുകളിൽ കീടനാശിനി അവശിഷ്ടം നിശ്ചിത അളവിൽ കൂടുതലായി കാണപ്പെടുന്നതായി ഭക്ഷ്യ പരിശോധന ലബോറട്ടറികളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന വ്യാപകമായി പരിശോധനകൾ നടത്തിയതെന്ന് മന്ത്രി വ്യക്തമാക്കി.സംസ്ഥാന വ്യാപകമായി 68 സ്കാഡുകളാണ് പരിശോധന നടത്തിയത്. 199 പരിശോനകൾ നടത്തി. കൊല്ലം, കോട്ടയം ജില്ലകളിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച രണ്ട് സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പിക്കാൻ നടപടി സ്വീകരിച്ചു. ഗുരുതര വീഴ്ചകൾ കണ്ടെത്തിയ മൂന്ന് സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകി. ഒൻപത് സ്ഥാപനങ്ങൾക്ക് റെക്റ്റിഫിക്കേഷൻ നോട്ടീസും നൽകി. 104 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 75 സർവൈലൻസ് സാമ്പിളുകളും ശേഖരിച്ച് ലാബുകളിൽ പരിശോധനക്കായി അയച്ചു. പല സ്ഥാപനങ്ങളും വേണ്ടത്ര ശുചിത്വം പാലിക്കുന്നില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. ഭക്ഷ്യസുരക്ഷാ മാനദണ്ഡപ്രകാരമല്ലാതെ ഉല്പാദിപ്പിക്കുന്ന അരിപ്പൊടി പിടിച്ചെടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. തുടർന്നും പരിശോധനകൾ നടത്തി നിയമ ലംഘനം നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കും.



## പാവക്കുളം ക്ഷേത്രം ഭാരവാഹികളെ തിരഞ്ഞെടുത്തു



**കൊച്ചി:** എറണാകുളം,കലൂർ പാവക്കുളം മഹാദേവക്ഷേത്ര സമിതിയുടെ പുതിയ ഭാരവാഹികളായി വിജി തമ്പി  (പ്രഭാരി), ടി പങ്കജാക്ഷൻ (പ്രസിഡന്റ്), കെ.പി മാധവൻ കുട്ടി (വർക്കിംഗ് പ്രസിഡന്റ്), ആഞ്ജനേയൻ(വൈസ് പ്രസിഡന്റ്),വിനോദ് കരോളി( സെക്രട്ടറി), ഒ. ഉണ്ണികൃഷ്ണമേനോൻ, ആർ.ഗിരീഷ് രാജൻ(ജോയിന്റ് സെക്രട്ടറിമാർ),പി .സുനിൽകുമാർ(ട്രഷറർ) വേണു. സി (ജോയിന്റ് ട്രഷർ),ബാലകൃഷ്ണ കമ്മത്ത്,കെ. ജി നന്ദകുമാർ, സുരേഷ് .എൻ (കമ്മിറ്റിയംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

## പാവക്കുളത്ത് വിനായക ചതുർത്ഥി ആഘോഷം

**കൊച്ചി:** കലൂർ പാവക്കുളം മഹാദേവക്ഷേത്രത്തിൽ  ആഗസ്ത് 20 ഞായറാഴ്ച വിനായക ചതുർഥി യോടനുബന്ധിച്ച് രാവിലെ  അഷ്ടദ്രവ്യ മഹാ ഗണപതി ഹോമം നടക്കും. ക്ഷേത്രം തന്ത്രി പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ കാർമികത്വത്തിൽ രാവിലെ 6 മണിക്ക് തുടങ്ങി  ചടങ്ങുകൾക്കു ശേഷം ഭക്തർക്ക് പ്രസാദ വിതരണം നടക്കും. വൈകുന്നേരം ഗണപതിക്ക് വിശേഷാൽ അപ്പം മൂടൽ ചടങ്ങ് ഉണ്ടാകും.

## ഓണസദ്യയൊരുക്കി ഹോട്ടൽ പ്രസിഡൻസി




**കൊച്ചി:** തിരുവോണ നാളിൽ ഓണസദ്യയൊരുക്കി ഹോട്ടൽ പ്രസിഡൻസി. പാലട അടക്കം മൂന്നു തരം പായസം, ഉപ്പേരി, പഴം ഉൾപ്പെട പരമ്പരാഗതമായ രീതിയിലുള്ള വിഭവസമൃദ്ധമായ വെജിറ്റേറിയൻ സദ്യയും, ബിഫ് ഉലർത്തും മീൻ വറ്റിച്ചതും ചെമ്മീൻ റോസ്റ്റും അടക്കമുള്ള നോൺവെജിറ്റേറിയൻ സദ്യയുമാണ് തിരുവോണ നാളിൽ ഹോട്ടൽ പ്രസിഡൻസി മലയാളികൾക്കായി ഒരുക്കിയിരിക്കുന്നത്. ഈ മാസം 24 മുതൽ ഓണസദ്യ നൽകുന്നത് ആരംഭിക്കും. 24 മുതൽ 28 വരെ ഹോട്ടലിൽ എത്തി സദ്യ കഴിക്കാം. ഉച്ചയ്ക്ക് 12.30 മുതൽ വൈകുന്നേരം മൂന്നു മണിവരെയാണ് ഓണസദ്യയുടെ സമയം. തിരുവോണ ദിനത്തിൽ പാഴ്സലായി മാത്രമാണ് സദ്യ നൽകുന്നത്. കൂടാതെ ഹോം ഡെലിവറി സംവിധാനവും ഉണ്ടായിരിക്കും. സദ്യ ആവശ്യമുള്ളവർ മുൻകൂട്ടി ബുക്കു ചെയ്യണം. ഫോൺ: 9745358581, 9746471256, 04842394300

## ടെൻഡറുകൾ ക്ഷണിച്ചു

**കൊച്ചി:** ദേശീയ ആരോഗ്യ ദൗത്യം (ആരോഗ്യകേരളം) എറണാകുളത്തിന് കീഴിൽ മാതൃയാനം പദ്ധതിയിലേക്ക് തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി, ആലുവ ജില്ല ആശുപത്രി, ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി, മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി  എന്നിവിടങ്ങളിലേക്ക് ടാക്സി പെർമിറ്റുള്ള ഓരോ വാഹനം വീതം മൂന്ന് മാസത്തേക്ക് കരാറടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് വാഹന ഉടമകളിൽ നിന്നും മത്സരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡറുകൾ സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ്  24 ഉച്ചയ്ക്ക് ശേഷം 3 വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842354737.

# പാറപ്പുറം വല്ലംകടവ് പാലം യാഥാർഥ്യമാകുന്നു



**കൊച്ചി:** കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ പാറപ്പുറത്തെയും പെരുമ്പാവൂർ നഗരസഭയിലെ വല്ലംകടവിനെയും ബന്ധിപ്പിച്ച് പെരിയാറിന് കുറുകെയുള്ള പാറപ്പുറം  വല്ലംകടവ് പാലം യാഥാർഥ്യമാകുന്നു. ഓഗസ്റ്റ് 24ന് രാവിലെ 10ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം നിർവഹിക്കും.പെരുമ്പാവൂർ  ആലുവ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പാലം ഇടുക്കി, കോട്ടയം ജില്ലകളിൽ നിന്ന് നെടുമ്പാശേരി എയർപോർട്ടിലേക്ക് എത്തുന്നവർക്ക് എളുപ്പവഴിയായി മാറും. പ്രദേശവാസികളുടെ ദീർഘകാലമായുള്ള വലിയ സ്വപ്നമാണ് പാലം ഗതാഗത്തിന് തുറന്നു കൊടുക്കുന്നതോടെ യാഥാർഥ്യമാകുന്നത്. ഒൻപതു സ്പാനുകളോട് കൂടി  289.45 മീറ്റർ നീളവും ഇരുവശത്തും നടപ്പാത ഉൾപ്പെടെ 11.23 മീറ്റർ വീതിയിലുമാണ് പാലം നിർമ്മിച്ചിരിക്കുന്നത്.23 കോടി രൂപയുടെ സാങ്കേതിക അനുമതിയോടെ 2016 ൽ  ആരംഭിച്ച പാലത്തിന്റെ നിർമ്മാണം പ്രളയം മൂലവും പിന്നീട് ആദ്യം കരാർ ഏറ്റെടുത്ത കമ്പനി പിന്മാറിയതും മൂലവും മന്ദഗതിയിലായിരുന്നു. പിന്നീട് എം.എൽ.എ മാരായ അൻവർ സാദത്ത്, എൽദോസ് കുന്നപ്പിള്ളിൽ എന്നിവർ അറിയിച്ചതിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഇടപെട്ട് വീണ്ടും ടെൻഡർ വിളിച്ചാണ് നിർമാണം പുനരാരംഭിച്ചത്.പാലം ഗതാഗതത്തിന് തുറന്നു കൊടുക്കുന്നതോടെ കാലടി ശ്രീശങ്കര പാലത്തിനും എം.സി.റോഡിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് നേരിടുന്ന കാലടി ടൗണിനും ബൈ പാസായി പ്രവർത്തിക്കും. മറ്റ് ജില്ലകളിൽ നിന്നും എം.സി റോഡ് വഴി നെടുമ്പാശേരി എയർപോർട്ടിലേക്ക് എത്തുന്നവർക്ക് കാലടി ടൗൺ ഒഴിവാക്കി എയർപോർട്ടിലും എത്തിച്ചേരാം.പുതിയ പാലം  വരുന്നതോടെ  കാഞ്ഞൂരിൽ നിന്ന് പെരുമ്പാവൂരിലെത്താൻ 6 കിലോമീറ്ററോളം ലാഭിക്കാം. ഇത് കാർഷിക ഉൽപന്നങ്ങൾ വിപണിയിലേക്ക് എളുപ്പത്തിൽ കൊണ്ടുപോകാൻ  സഹായകമാകും. പെരിയാറിന്റെ ഇരുകരകളിലുമുള്ള സെന്റ് മേരീസ് പള്ളി കാഞ്ഞൂർ, പുതിയേടം ക്ഷേത്രം, തിരുവൈരാണിക്കുളം ക്ഷേത്രം, ചേലാമറ്റം ക്ഷേത്രം തുടങ്ങിയ  തീർഥാടന കേന്ദ്രങ്ങളിലേക്കുള്ള യാത്രയും സുഗമമാകും. കാഞ്ഞൂർ പാറപ്പുറം പ്രദേശങ്ങളിലെ വികസനത്തിനും പാലം വഴിയൊരുക്കും.

# 'ആർപ്പോ 2023' ഓണം, ടൂറിസം ആഘോഷം 25 മുതൽ

**വൈപ്പിൻ:** മണ്ഡലം തല ഓണം, ടൂറിസം ആഘോഷം ' ആർപ്പോ 2023' ഈ മാസം 25 മുതൽ 30 വരെ നടക്കു മെന്ന് കെ എൻ ഉണ്ണിക്ക്യഷ്ണൻ എം എൽ എ. ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ, കേരള കലാമണ്ഡലം, ഫോക് ലോർ അക്കാദമിയുടെ സഹകരണത്തോടെയാണ് പരിപാടികൾ. വിവിധ കലാവതരണങ്ങൾക്കു പുറമെ ഓണപ്പൂക്കളമിടൽ  കൈകൊട്ടിക്കളി  തിരുവാതിര കളി  ചെറുവഞ്ചി തുഴയൽ മത്സരങ്ങൾ, മാവേലി സന്ദർശനം, കാവ്യ സദസ്സ്, സാംസ്കാരിക സമ്മേളനം എന്നിവ നടക്കും. മത്സര വിജയികൾക്ക് ക്യഷ് പ്രൈസ് ഉൾപ്പെടെ ഉൾപ്പെടെ സമ്മാനിക്കും.25നു  നടത്തുന്ന പൂക്കള മത്സരത്തിൽ  മണ്ഡലത്തിലെ സ്കൂളുകൾ ഉൾപ്പെടെ സ്ഥാപനങ്ങൾക്കു പങ്കെടുക്കാം. 26 നു പഞ്ചായത്തു കേന്ദ്രങ്ങളിലായി നടത്തുന്ന പൂക്കള മത്സരം പൊതു വിഭാഗത്തിനായാണ്.  രാവിലെ ഒൻപതു മുതൽ പത്തു വരെ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കുന്ന ഓരോ ടീമിലും പരമാവധി അഞ്ചു പേരെയാണ് ഉൾപ്പെടുത്താനാവുക.മത്സരത്തിൽ ഒന്നാമതെത്തുന്ന ടീമിന് 5000 രൂപയും ഫലകവും സമ്മാനിക്കും. 3000 രൂപയും ഫലകവുമാണ് രണ്ടാം സമ്മാനം.മൂന്നാം സമ്മാനമായി 2000 രൂപയും ഫലകവും ലഭിക്കും. പൂക്കളമിടുന്നതിനു കൃത്രിമ വസ്തുക്കൾ ഉപയോഗിക്കരുത്. 26 നു വൈകുന്നേരം മൂന്നു മുതൽ ചെറായി ബീച്ചിൽ തിരുവാതിര കളി മത്സരം നടക്കും. 27 നു രാവിലെ 10 മുതൽ ചെറായി ബീച്ചിൽ സ്ത്രീ പുരുഷ വിഭാഗങ്ങളിലായി കൈകൊട്ടിക്കളി മത്സരം. ഉച്ചയ്ക്കു ശേഷം മൂന്നു മുതൽ രണ്ടംഗ ടീമുകൾക്ക് പങ്കെടുക്കാവുന്ന ചെറുവഞ്ചി തുഴയൽ മത്സരം.ചെറായി ബീച്ചിലേക്കുള്ള പാതയിൽ പഞ്ചായത്ത് വക കാപ്പിലാണ് മത്സരം.തിരുവാതിര, കൈകൊട്ടിക്കളി, ചെറുവഞ്ചി തുഴയൽ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തുന്നവർക്ക് യഥാക്രമം 10, 000, 5000, 3000 രൂപ വീതം സമ്മാനിക്കും. 27 നു വൈകുന്നേരം 4നു ചെറായി ബീച്ചിൽ പ്രമുഖ കവികൾ പങ്കെടുക്കുന്ന കാവ്യ സദസ് സഹോദരൻ സ്മാരക ട്രസ്റ്റ് വൈസ് ചെയർമാൻ പൂയ്യപ്പിള്ളി തങ്കപ്പൻ ഉദ്ഘാടനം ചെയ്യും. തുടർന്ന് വൈകിട്ട് ആറിന് സാംസ്കാരിക സമ്മേളനത്തിൽ ജില്ല കലക്ടർ എൻ എസ് കെ ഉമേഷ് മുഖ്യാതിഥിയാകും. വൈപ്പിൻ ബ്ലോക്ക് പ്രസിഡന്റ് തുളസി സോമൻ അധ്യക്ഷയാകുന്ന സമ്മേളനം കെ എൻ ഉണ്ണിക്ക്യഷ്ണൻ എം എൽ എ ഉദ്ഘാടനം ചെയ്യും. ജനപ്രതിനിധികളും സാംസ്കാരിക സാമൂഹ്യ രംഗത്തെ പ്രമുഖരും പങ്കെടുക്കും. സമ്മാന സമർപ്പണം, വിജയികളുടെ കലാവതരണങ്ങൾ എന്നിവയും നടക്കും.28നു വൈകിട്ട് ആറിനു ചെറായി ബീച്ചിൽ കേരള കലാമണ്ഡലം അവതരിപ്പിക്കുന്ന നൃത്ത നൃത്യങ്ങൾ. തുടർന്ന് തൃശൂർ ജനനയനയുടെ മെഗാ ഫോക് ഈവന്റ്.തിരുവോണ ദിനമായ 29 ന് പരിപാടികൾ ഉണ്ടായിരിക്കില്ല. 30നു മുനമ്പം ബീച്ചിൽ വൈകിട്ട് ആറു മുതൽ നാടൻ പാട്ട് ഉൾപ്പെടെ കലാവതരണങ്ങൾ അരങ്ങേറും.രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും ഫോൺ: 99958 29545.

# സംസ്ഥാന ജൂനിയർ ഫുട്ബോൾ: കാസർകോട് സെമിയിൽ

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ നടക്കുന്ന സംസ്ഥാന ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കാസർകോടിന് ഹാട്രിക് വിജയം. ഇന്നലെ നടന്ന മത്സരത്തിൽ പാലക്കാടിനെ എതിരില്ലാത്ത ആറ് ഗോളുകൾക്ക് തോൽപ്പിച്ചാണ് ഗ്രൂപ്പ് എ ജേതാക്കളായി കാസർഗോഡ് സെമിഫൈനലിൽ പ്രവേശിച്ചത്. ഉമർ അഫാഫിന്റെ നാല് ഗോൾ മികവിലായിരുന്നു കാസർകോടിന്റെ തകർപ്പൻ വിജയം. ടൂർണമെന്റിൽ ഉമർ അഫാഫിന്റെ ഒൻപതാം ഗോൾ ആണിത്. ആദ്യ ദിനം കോഴിക്കോടിനെയും (42) പത്തനംതിട്ടയേയും (70) കാസർകോട് തോൽപ്പിച്ചിരുന്നു. ഇന്നലെ നടന്ന ഗ്രൂപ്പ് എയിലെ അവസാന മത്സരത്തിൽ പത്തനംതിട്ട കോഴിക്കോടിനെ 31ന് തോൽപിച്ചു. 22ന് വൈകിട്ട് 3 മണിക്ക് നടക്കുന്ന ആദ്യ സെമിയിൽ ഗ്രൂപ്പ് സി ജേതാക്കൾ ആണ് കാസർകോടിന്റെ എതിരാളികൾ. 23ന് വൈകിട്ടാണ് കലാശക്കളി.ഗ്രൂപ്പ് ബി മത്സരങ്ങൾ വെള്ളിയാഴ്ച തുടങ്ങി. ആദ്യ മത്സരത്തിൽ ആതിഥേയരായ എറണാകുളം, ആലപ്പുഴയെ ഒന്നിനെതിരെ എട്ട് ഗോളുകൾക്ക് തകർത്തു. ക്യാപ്റ്റൻ കെവിൻ ടി അനോജ് ഹാട്രിക് നേടിയ മത്സരത്തിൽ, മധവേഷ് കൃഷ്ണ ഇരട്ട ഗോൾ സ്വന്തമാക്കി. ഇന്നത്തെ മത്സരങ്ങൾ: ആലപ്പുഴ തിരുവനന്തപുരം (രാവിലെ 7), എറണാകുളം കണ്ണൂർ (8.30), കണ്ണൂർ ആലപ്പുഴ (വൈകിട്ട് 3), തിരുവനന്തപുരം എറണാകുളം (4.30).



# സൗജന്യ മെഗാ പീഡിയാട്രിക് മെഡിക്കൽ ക്യാമ്പുമായി ആസ്റ്റർ പി.എം.എഫ്

**കൊല്ലം:** കുട്ടികളിലെ വിവിധ ആരോഗ്യപ്രശ്നങ്ങൾക്ക് സമഗ്ര ചികിത്സ നൽകാൻ സൗജന്യ മെഗാ പീഡിയാട്രിക് മെഡിക്കൽ ക്യാമ്പുമായി കൊല്ലം ആസ്റ്റർ പി.എം.എഫ് ആശുപത്രി. ഓഗസ്റ്റ് 24 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചക്ക് ര് വരെ നടക്കുന്ന ക്യാമ്പിൽ രജിസ്ട്രേഷനും ഡോക്ടറുടെ കൺസൾട്ടേഷനും തികച്ചും സൗജന്യമായി ലഭിക്കും.ജനറൽ പീഡിയാട്രിക്സ്, പീഡിയാട്രിക് കാർഡിയോളജി, പീഡിയാട്രിക് ന്യൂറോളജി, പീഡിയാട്രിക് സർജറി, പീഡിയാട്രിക് അലർജി, പീഡിയാട്രിക് ഡെന്റിസ്ട്രി തുടങ്ങി നിരവധി സ്പെഷ്യാലിറ്റികളിലെ വിദഗ്ധ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാകും എന്നതാണ് കൊച്ചി ആസ്റ്റർ മെഡ്സിറ്റിയുമായി സഹകരിച്ച് നടത്തുന്ന മെഡിക്കൽ ക്യാമ്പിന്റെ സവിശേഷത.ആസ്റ്റർ പി.എം.എഫിലെ കൺസൾട്ടന്റ് പീഡിയാട്രീഷൻ ഡോ. നാഫിൽ അബ്ദുൽ മജീദ്, ആസ്റ്റർ മെഡ്സിറ്റിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗം ഡയറക്ടറും സീനിയർ കൺസൾട്ടന്റുമായ ഡോ. എഡ്വിൻ ഫ്രാൻസിസ്, പീഡിയാട്രിക് ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ഡേവിഡ്സൺ ദേവസ്യ, പീഡിയാട്രിക് സർജറി ആന്റ് യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. വി.ആർ കിരൺ, ആസ്റ്റർ പി.എം.എഫിലെ ജനറൽ പീഡിയാട്രിക്സ് വിഭാഗത്തിലെ ഡോ. അമീഷ ആർ അശോക്, ഡെന്റൽ സർജറി വിഭാഗത്തിലെ ഡോ. ടി. നിമി ഖാൻ തുടങ്ങി പ്രമുഖരായ പീഡിയാട്രിക് വിദഗ്ധരുടെ നേതൃത്വത്തിലാണ് ക്യാമ്പ് നടത്തുന്നത്. തുടർ ചികിത്സ ആവശ്യമുള്ളവർക്ക് ഇൻപേഷ്യന്റ് സേവനങ്ങൾ, റേഡിയോളജി, ലാബ് സേവനങ്ങൾ എന്നിവക്ക് 15 ശതമാനം ഇളവ് നൽകും.ക്യാമ്പിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 04762654200, 2654000, 7012988388, 8129388744 എന്നീ നമ്പറുകൾ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്.

# വിദ്യാർത്ഥികൾക്കായി ജീവൻ രക്ഷാ പരിശീലനവുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി



**തൃശ്ശൂർ:** അപകട മുനമ്പിൽ പെടുന്നവരെ ജീവിതത്തിലേക്ക് തിരിച്ചെത്തിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികൾക്കായി മെഗാ പ്രഥമ ജീവൻ രക്ഷാ പരിശീലനവുമായി (ബേസിക് ലൈഫ് സപ്പോർട്ട്) കൊച്ചി ആസ്റ്റർ മെഡ്സിറ്റി. ജീവൻ രക്ഷാ മേഖലയിൽ തരംഗമായി മാറിയ ആസ്റ്റർ മെഡ്സിറ്റിയുടെ 'ബീ ഫസ്റ്റ്, ടു എയ്ഡ് ആൻഡ് സേവ് ലൈവ്സ്' ക്യാമ്പയിനിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചായിരുന്നു മെഗാ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചത്. കൊടുങ്ങല്ലൂർ എം.ഇ.എസ് അസ്മാബി കോളേജിൽ നടന്ന പരിപാടി ഇ.ടി. ടൈസൻ മാസ്റ്റർ എം.എൽ.എ ഉദ്ഘാടനം ചെയ്തു.അടിയന്തിര മെഡിക്കൽ സാഹചര്യങ്ങളിൽ ഉണർന്നു പ്രവർത്തിക്കാനും അതുവഴി നിരവധി ജീവനുകൾ രക്ഷിക്കാനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് റോട്ടറി ക്ലബ്, സഹൃദയ വെൽഫയർ അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചത്. 200ഓളം വിദ്യാർത്ഥികൾക്കായിരുന്നു പരിശീലനം നൽകിയത്.നമുക്ക് ചുറ്റും സംഭവിക്കുന്ന അത്യാഹിത സന്ദർഭങ്ങളെ കൃത്യമായി മനസ്സിലാക്കി അപകടത്തിൽ പെടുന്നവരുടെ ജീവൻ രക്ഷിക്കുന്നതിനുള്ള ജീവൻരക്ഷാ പരിശീലനം ഉറപ്പാക്കുക, അത്യാഹിതവേളകൾ മനസാന്നിദ്ധ്യത്തോടെ കൈകാര്യം ചെയ്യാൻ ജനങ്ങളെ പ്രപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 2022 ഓഗസ്റ്റ് 15നായിരുന്നു ബി ഫസ്റ്റിന് തുടക്കമായത്. ആസ്റ്റർ ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച 'ബി ഫസ്റ്റ് ' ക്യാമ്പയിൻ സമൂഹത്തിലെ വിവിധ തുറകളിലേക്ക് കൂടി വ്യാപിപ്പിക്കുകയായിരുന്നു.നമുക്ക് ചുറ്റും സംഭവിക്കുന്ന അത്യാഹിത സന്ദർഭങ്ങളെ കൃത്യമായി മനസ്സിലാക്കി അപകടത്തിൽ പെടുന്നവരുടെ ജീവൻ രക്ഷിക്കുന്നതിനുള്ള ജീവൻരക്ഷാ പരിശീലനം ഉറപ്പാക്കുക, അത്യാഹിതവേളകൾ മനസാന്നിദ്ധ്യത്തോടെ കൈകാര്യം ചെയ്യാൻ ജനങ്ങളെ പ്രപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 2022 ഓഗസ്റ്റ് 15നായിരുന്നു ബി ഫസ്റ്റിന് തുടക്കമായത്. ആസ്റ്റർ ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച 'ബി ഫസ്റ്റ് ' ക്യാമ്പയിൻ സമൂഹത്തിലെ വിവിധ തുറകളിലേക്ക് കൂടി വ്യാപിപ്പിക്കുകയായിരുന്നു.സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, എൻ.സി.സി കേഡറ്റുകൾ, പൊലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള 18,000ലധികം പേർക്കാണ് ഇതിനോടകം ജീവൻ രക്ഷാ പരിശീലനം നൽകിയിട്ടുള്ളത്. ഇതിനായി 190ലധികം പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചത്. ആസ്റ്റർ ആശുപത്രികളിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിലാണ് ക്ലാസുകൾ നടത്തി വരുന്നത്.എം.ഇ.എസ്.അസ്മാബി കോളേജ് സെക്രട്ടറി അഡ്വ. നവാസ് കാട്ടകത്ത് മുഖ്യാതിഥിയായ ചടങ്ങിൽ ആസ്റ്റർ മെഡ്സിറ്റി മെഡിക്കൽ അയേഴ്സ് ഡയറക്ടർ ഡോ. ടി.ആർ ജോൺ, ഓപ്പറേഷൻസ് വിഭാഗം തലവൻ ജയേഷ് വി നായർ, കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ.പി.എം റീന മുഹമ്മദ്, ആസ്റ്റർ മെഡ്സിറ്റി എമർജൻസി ഡിപ്പാർട്ട്മെന്റ് ലീഡ് കൺസൾട്ടന്റ് ഡോ. ജോൺസൺ കെ വർഗീസ്, കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ ഡയറക്ടർ ഡോ. കെ.പി സുമേധൻ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഡോ. പ്രിൻസി ഫ്രാൻസിസ് തുടങ്ങിയവർ സംസാരിച്ചു

# കംപാഷണേറ്റ് കേരളം: സന്നദ്ധപ്രവർത്തക ശൃംഖലയ്ക്കായി ആൽഫ പാലിയേറ്റീവ് കെയർ

**തൃശൂർ:** അനാവശ്യ വേദനകളും ദുരിതങ്ങളും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ കംപാഷണേറ്റ് കേരളം എന്ന ലക്ഷ്യത്തിനായി പ്രമുഖ പാലിയേറ്റീവ് കെയർ ശൃംഖലയായ ആൽഫ പാലിയേറ്റീവ് കെയർ പദ്ധതി വരുന്നു. രോഗദുരിതങ്ങളിൽപ്പെട്ടവർക്ക് കാര്യക്ഷമമായ പാലിയേറ്റീവ് കെയർ നൽകുന്നതിനായി സമൂഹത്തെ ഒരുക്കുകയും സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ ബോധവത്കരണവും സേവനങ്ങൾക്കായി സെൻററുകളും സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പരിപാടിയുടെ നടത്തിപ്പിനായി ബി.എസ്.ഡബ്ല്യു. ബിരുദധാരികളായവരെ എല്ലാ ജില്ലകളിലും വിവിധ മേഖലകളിൽ മികച്ച ശമ്പളത്തോടെ നിയമിക്കും. താൽപ്പര്യമുള്ളവർ ഓഗസ്റ്റ് 25ന് മുമ്പായി 94977 13919 എന്ന നമ്പറിൽ ബന്ധപ്പെടുകയോ dir.ctmy@alphapalliativecare.org എന്ന ഇമെയിലിലേക്ക് അപേക്ഷ അയയ്ക്കുകയോ വേണം.

# എംഎസ്എംഇ ഹെൽപ്ഡെസ്ക് പദ്ധതി

**കൊച്ചി:** സംസ്ഥാനത്തെ എംഎസ്എംഇകൾക്ക് ഫിനാൻസ്, ടാക്സ്, ഓഡിറ്റ് മുതലായ എല്ലാ സാമ്പത്തികപരമായുള്ള വിഷയങ്ങളിലുമുള്ള അവരുടെ സംശയങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള വിദഗ്ധ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വ്യവസായ വാണിജ്യ വകുപ്പും കളഅക (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ), കേരളയും കൂടി ചേർന്ന് എംഎസ്എംഇ ഹെൽപ്ഡെസ്ക് (ങടങ്ങ ഒലഹുറലസെ) ആരംഭിക്കുന്നു. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി പി.രാജീവ് ഇന്ന് രാവിലെ 10 ന് പാലാരിവട്ടം റെനൈ കൊച്ചിൻ ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ നിർവഹിക്കും. എല്ലാ മാസത്തിലെയും ആദ്യത്തെ ശനിയാഴ്ച എംഎസ്എംഇകൾക്ക് ഹെൽപ്ഡെസ്ക് സേവനം കളഅക യുടെ കീഴിലുള്ള 9 റീജണൽ ഓഫീസുകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ) സൗജന്യമായി ലഭിക്കും. സംസ്ഥാനത്തെ സംരംഭകർക്ക് അവരുടെ ആശയങ്ങൾ വികസിപ്പിക്കാൻ വേണ്ടിയുള്ള അറിവ് നൽകുന്നതിനും അതിലൂടെ എംഎസ്എംഇകൾക്ക് സുസ്ഥിരതയും വളർച്ചയും പ്രാപ്തമാക്കുന്ന ഒരു ആവാസവ്യവസ്ഥ സൃഷ്ഠിക്കുന്നതിനുമുള്ള ഒരു പദ്ധതിയായിട്ടാണ് സർക്കാർ ഈ ഹെൽപ്ഡെസ്ക് സേവനം വിഭാവനം ചെയ്തിരിക്കുന്നത്.

# അമിത ഭക്ഷണം തടയാൻ ആരോഗ്യകരമായ ബദൽ



**കൊച്ചി:** വിരുന്നുകൾ ഉൾപ്പെടെയുള്ള സമയങ്ങളിൽ അമിതമായി ഭക്ഷണം കഴിക്കാനുള്ള ത്വര ചെറുക്കാൻ ആരോഗ്യകരമായ ബദൽ ടിപ്പുകൾ പങ്കുവച്ച് പ്രശസ്ത നടി പ്രണിത സുഭാഷ്. പുതുമ നഷ്ടപ്പെടാത്ത പഴവർഗങ്ങളും പച്ചക്കറികളും പതിവാക്കുക എന്നതാണ് ഇതിൽ ആദ്യത്തേത്. ഊർജസ്വലമായ ഈ പോഷകാഹാരം നമുക്ക് അനിവാര്യമായ വിറ്റാമിനുകളും ലവണങ്ങളും ലഭ്യമാക്കുന്നു എന്ന് മാത്രമല്ല, കുറഞ്ഞ കലോറി ഉള്ളവയാണെന്ന അധിക ഗുണഫലങ്ങളും ഇതിനുണ്ട്.തൈര്, എണ്ണയിൽ വറുക്കാത്ത പോപ്കോൺ, ബദാമുകൾ എന്നിവ പോലുള്ള ലഘുഭക്ഷണങ്ങൾ കഴിക്കുകയാണ് മറ്റൊരു മാർഗം. അത്യധികം രുചികരമല്ലെങ്കിലും, ഏറെ പോഷകഗുണങ്ങൾ ഇത്തരം ഭക്ഷണങ്ങളിലുണ്ട്. ആരോഗ്യകരമായ കൊഴുപ്പുകൾ, നാരുകൾ, പ്രോട്ടീൻ തുടങ്ങിയ എല്ലാ തരത്തിലുമുള്ള നല്ല ഘടകങ്ങളും ധാരാളമായി അടങ്ങിയിട്ടുള്ളതാണ് ബദാമുകൾ. ഏത് സമയത്തും എവിടെയും കഴിക്കാവുന്ന സൗകര്യപ്രദമായ ലഘുഭക്ഷണം കൂടിയാണ് ബദാം. മനസറിഞ്ഞു കൊണ്ട് കഴിക്കുക എന്നതാണ് അമിതമായി ഭക്ഷണം കഴിക്കുന്നത് മറികടക്കുവാനുള്ള മറ്റൊരു മാർഗമെന്നും പ്രണിത സുഭാഷ് പറഞ്ഞു.

# യുടിഐ നിഫ്റ്റി മിഡ്കാപ് 150 ഇടിഎഫ് നു തുടക്കമായി

**കൊച്ചി:** യുടിഐ മ്യൂചൽ ഫിൻറെ യുടിഐ നിഫ്റ്റി മിഡ്കാപ് 150 ഇടിഎഫ് ന്യൂ ഫ് ഓഫറിനു തുടക്കമായി. ആഗസ്റ്റ് 18ന് തുടങ്ങിയ എൻഎഫ്ഒ ആഗസ്റ്റ് 28ന് അവസാനിക്കും. സെപ്റ്റംബർ അഞ്ചു മുതൽ തുടർവിൽപനയ്ക്കും വാങ്ങലിനുമായി ലഭ്യമാകും. എൻഎഫ്ഒ കാലത്ത് അയ്യായിരം രൂപയാണ് കുറഞ്ഞ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാം.

# ഓല ഇലക്ട്രിക് എസ് വൺ എക്സ് സ്കൂട്ടർ നിരയും എസ് വൺ പ്രോയും പുറത്തിറക്കുന്നു



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഇലക്ട്രിക് വാഹന കമ്പനിയായ ഓല ഇലക്ട്രിക്, ഏലി2 പ്ലാറ്റ് ഫോമിൽ വികസിപ്പിച്ചെടുത്ത എസ് വൺ എക്സ് സ്കൂട്ടർ നിരയും എസ് വൺ പ്രോയും പുറത്തിറക്കുന്നു.തമിഴ്നാട്ടിലെ കൃഷ്ണഗിരിയിലുള്ള ഓല ഫ്യൂച്ചർ ഫാക്ടറിയിൽ നടന്ന വാർഷിക കസ്റ്റമർ ഡേ പരിപാടിയിലായിരുന്നു പ്രഖ്യാപനം.എസ് വൺ പ്രോ 195 കിലോമീറ്റർ വേഗതയാണ് കമ്പനി വാഗ്ദാനം ചെയ്യുന്നത്. ഡയമ്ഹെഡ്, അഡ്വഞ്ചർ, റോഡ്സ്റ്റർ, ക്രൂയിസർ എന്നിങ്ങനെ നാല് മോഡലുകളുണ്ട്.എസ് വൺ എക്സ് മൂന്നു വേരിയന്റുകളിലാണ് പുറത്തിറക്കുന്നത്. എസ് വൺ എക്സ് പ്ലസ്, എസ് വൺ എക്സ് (3 കെ ഡബ്ല്യു എച്ച്),എസ് വൺ എക്സ് (2കെ ഡബ്ല്യു എച്ച്) എന്നീ വേരിയന്റുകളാണ് പുറത്തിറക്കുന്നത്.

# ഫെഡറൽ ബാങ്ക്: വാർഷിക ലാഭം 3000 കോടി രൂപയ്ക്കു മുകളിലെത്തി

**കൊച്ചി:** ഫെഡറൽ ബാങ്ക് ഓഹരി ഉടമകളുടെ 92ാമത് വാർഷിക പൊതുയോഗം ചെയർമാൻ എ. പി. ഹോതയുടെ അധ്യക്ഷതയിൽ വിഡിയോ കോൺഫറൻസിങ് വഴി ചേർന്നു. അടിത്തറ കൂടുതൽ ശക്തിപ്പെടുത്തുക, ചുറ്റുമുള്ള അവസരങ്ങളെ പ്രയോജനപ്പെടുത്തുക, ഉപഭോക്തൃ കേന്ദ്രീകൃതമായിരിക്കുക, പഴഞ്ചൻ ചിന്താരീതി ഉപേക്ഷിക്കുക, സുസ്ഥിരത ഉറപ്പാക്കുക എന്നീ ആശയങ്ങളിലാണ് ഫെഡറൽ ബാങ്ക് ശ്രദ്ധകേന്ദ്രീകരിക്കുന്നതെന്ന് എംഡിയും സിഇഒയുമായ ശ്യാം ശ്രീനിവാസൻ പറഞ്ഞു. കടുത്ത മത്സരമുള്ള ബാങ്കിങ് രംഗത്ത് ഫെഡറൽ ബാങ്ക് കൈവരിച്ച നേട്ടങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു. ബാങ്കിന്റെ വാർഷിക ലാഭം 3000 കോടി രൂപയ്ക്കു മുകളിലെത്തിക്കാനും മൊത്തം ബിസിനസ് വലുപ്പം 3.8 ലക്ഷം കോടി മറികടക്കാനും കഴിഞ്ഞതായി അദ്ദേഹം പറഞ്ഞു.ബാങ്കിങ് രംഗത്തെ മികച്ച തൊഴിലിടങ്ങളിൽ ഏഷ്യയിലെ 100 ബാങ്കുകളുടെ പട്ടികയിൽ ഇടം ലഭിച്ച ഏക ഇന്ത്യൻ ബാങ്കാവാനും പാരിസ്ഥിതിക, സാമൂഹിക, ഭരണനിർവഹണ (ഇഎസ്ജി) മാനദണ്ഡങ്ങൾ പാലിക്കുന്ന ബാങ്കുകളിൽ ഇന്ത്യയിലെ 62 ബാങ്കുകളിൽ 42ാത് എത്താനും ആഗോളതലത്തിലെ 934 ബാങ്കുകളിൽ 743ാം സ്ഥാനത്ത് എത്താനും ബാങ്കിനു കഴിഞ്ഞുവെന്നും അദ്ദേഹം വ്യക്തമാക്കി. ഭാവി വളർച്ചയ്ക്കുള്ള ബാങ്കിന്റെ പദ്ധതികൾക്ക് കരുത്തു പകർന്ന മൂലധന സമാഹരണം അടക്കമുള്ള വിജയങ്ങൾക്ക് വഴിയൊരുക്കിയത് ബാങ്കിന്റെ കരുത്തുറ്റ ഭരണനിർവഹണ നടപടികളാണെന്ന് എ. പി. ഹോത പറഞ്ഞു. അവസരങ്ങളെ ഉപയോഗപ്പെടുത്താനും ബാങ്കിങ് രംഗത്തെ ഭാവിയെ രൂപപ്പെടുത്തുന്ന നൂതന സേവനങ്ങൾ അവതരിപ്പിക്കാനുമുള്ള ബാങ്കിന്റെ പ്രാപ്തിയെ അദ്ദേഹം എടുത്തുപറഞ്ഞു. ബിസിനസ് വളർച്ചയ്ക്കപ്പുറം സേവന ഗുണമേന്മ, ഇടപാടുകാരുടെ സംതൃപ്തി, സുസ്ഥിര ലക്ഷ്യങ്ങളോടുള്ള പ്രതിബദ്ധത എന്നിവയിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ ബാങ്കിനെ ഏറ്റവും ബഹുമാനിക്കപ്പെടുന്ന ബാങ്കായി അടുത്ത എട്ടു വർഷത്തിനുള്ളിൽ മാറ്റുക എന്നതാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.ഡയറക്ടർമാർ, ഓഹരിയുടമകൾ, മുതിർന്ന ഉദ്യോഗസ്ഥർ, ഓഡിറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു. 2022–23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത സാമ്പത്തിക ഫലങ്ങൾക്കും, 50 ശതമാനം ഡിവിഡന്റ് പ്രഖ്യാപിക്കുന്നതിനുള്ള പ്രമേയത്തിനും, മാനേജിങ് ഡയറക്ടർ ആന്റ് സിഇഒ പദവിയിൽ ശ്യാം ശ്രീനിവാസന്റെ പുനർനിയമനത്തിനും ഓഹരി ഉടമകളുടെ അംഗീകാരം തേടി. എ. പി. ഹോതയെ പാർട് ടൈം ചെയർമാനായി നിയമിക്കുന്നതിന് ആർബിഐ അനുമതി തേടാനും അദ്ദേഹത്തിന്റെ നിയമനത്തിനും പ്രതിഫലത്തിനും, ഗ്രൂപ്പ് പ്രസിഡന്റ് ആന്റ് കൺട്രി ഹെഡ് ആയുള്ള ഹർഷ് ദുഗറിന്റെ നിയമനത്തിനും, മുൻഗണനാ അടിസ്ഥാനത്തിലുള്ള ഓഹരി വിതരണത്തിനും, കടപ്പത്രങ്ങളിലൂടെ ഫണ്ട് സ്വരൂപിക്കുന്നതിനും, ഫെഡറൽ ബാങ്ക് ലിമിറ്റഡ് എംപ്ലോയീ സ്റ്റോക് ഓപ്ഷൻ സ്കീമിനും ഉൾപ്പെടെയുള്ള വിഷയങ്ങളിൽ യോഗം ഓഹരി ഉടമകളുടെ അനുമതി തേടി.

# നെറ്റ്ഫ്ലിക്സ് സബ്സ്ക്രിപ്ഷനോടെ ജിയോ പ്രീപെയ്ഡ് പ്ലാനുകൾ ആരംഭിച്ചു

**കൊച്ചി/ മുംബൈ:** പുതിയ ജിയോ നെറ്റ്ഫ് ളിക്സ് സബ്സ്ക്രിപ്ഷൻ പ്രീപെയ്ഡ് പ്ലാനുകൾ അവതരിപ്പിക്കുന്നതായി ജിയോ പ്രഖ്യാപിച്ചു. ആഗോളതലത്തിൽ നെറ്റ്ഫ്ലിക്സിന്റെ ഇത്തരത്തിലുള്ള ആദ്യ പ്രീപെയ്ഡ് ബണ്ടിൽ പ്ലാൻ.ജിയോ പോസ്റ്റ് പെയ്ഡ് പ്ലാനിലും ജിയോ ഫൈബർ പ്ലാനുകളിലും നെറ്റ്ഫ് ളിക്സ് സബ്സ്ക്രിപ്ഷൻ ഇതിനകം ലഭ്യമാണ്. എന്നാൽ ഇതാദ്യമായാണ് നെറ്റ്ഫ്ലിക്സ് സബ്സ്ക്രിപ്ഷൻ പ്രീപെയ്ഡ് പ്ലാനിൽ ലഭ്യമാകുന്നത്.40 കൊടിയലധികം ജിയോ പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് ജിയോ പ്രീപെയ്ഡ് ബണ്ടിൽഡ് പ്ലാനിലൂടെ നെറ്റ്ഫ്ലിക്സ് സബ്സ്ക്രിപ്ഷൻ എടുക്കാനുള്ള ഓപ്ഷൻ ലഭിക്കും.ഞങ്ങളുടെ ഉപയോക്താക്കൾക്ക് ലോകോത്തര സേവനങ്ങൾ എത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡിന്റെ സിഇഒ കിരൺ തോമസ് അഭിപ്രായപ്പെട്ടു. നെറ്റ് ഫ് ളിക്സ് പോലുള്ള ആഗോള പങ്കാളികളുമായുള്ള ഞങ്ങളുടെ പങ്കാളിത്തം ലോകത്തിനു തന്നെ മാതൃകയാവുകയാണ് ഈ അവസരത്തിൽ സംസാരിച്ച ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡിന്റെ സിഇഒ കിരൺ തോമസ് അഭിപ്രായപ്പെട്ടു.ഒരു ബണ്ടിൽ ചെയ്ത ടെൽകോ പ്രീപെയ്ഡ് പ്ലാൻ വഴി ഉപയോക്താക്കൾക്ക് നെറ്റ്ഫ്ലിക്സ് ലഭ്യമാക്കുന്നത് ഇതാദ്യമാണ് എന്നത് ശ്രദ്ധേയമാണ്. 1099 , 1499 രൂപയുടെ രണ്ട് പ്ലാനുകളാണ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്.

# ലേക്ഷോറിൽ സ്പൈഗ്ലാസ് കൊളൻജിയോസ്കോപ്പി ശിൽപ്പശാല സംഘടിപ്പിച്ചു



**കൊച്ചി:**ബിലിയറി, പാൻക്രിയാറ്റിക് രോഗങ്ങളുടെ നിർണയത്തിലെ നൂതന രീതികൾ ചർച്ചചെയ്യാൻ വിപിഎസ് ലേക്ഷോർ ആശുപത്രിയിൽ സ്പൈഗ്ലാസ് കൊളൻജിയോസ്കോപ്പി വർക്ഷോപ്പ് സംഘടിപ്പിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ എസ്. കെ. അബ്ദുള്ള ഉദ്ഘാടനം ചെയ്തു. ഹൈദരാബാദ് എഐജി ഹോസ്പിറ്റൽസ് എൻഡോസ്കോപ്പി വിഭാഗം മേധാവി ഡോ. മോഹൻ രാമചന്ദാനി, വിപിഎസ് ലേക്ഷോർ മെഡിക്കൽ ഗ്യാസ്ട്രോ ആൻഡ് എൻഡോസ്കോപ്പി വിഭാഗം മേധാവി ഡോ. റോയ് ജെ മുക്കട എന്നിവർ ലൈവ് ഡെമോൺസ്ട്രേഷൻ നയിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഡോക്ടർമാർ പങ്കെടുത്തു. 2012ൽ വിപിഎസ് ലേക്ഷോർ ആണ് കേരളത്തിൽ ആദ്യമായി സ്പൈഗ്ലാസ് കൊളൻജിയോസ്കോപ്പി ചികിത്സ അവതരിപ്പിച്ചത്. ഈ ചികിത്സയിലെ നൂതന സാങ്കേതങ്ങൾ ചർച്ചചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ വർക് ഷോപ്പ് സംഘടിപ്പിച്ചത്.

# പുതിയ 2023 ലിവോ അവതരിപ്പിച്ച് ഹോണ്ട

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) പുതിയ അർബൻ സ്റ്റൈലിഷ് 2023 ലിവോ അവതരിപ്പിച്ചു. 110 സിസി സെഗ്മെന്റിലെ ഏറ്റവും സ്റ്റൈലിഷ് ആൻഡ് അഡ്വാൻസ്ഡ് മോട്ടോർസൈക്കിളാണിത്. ആഗോള നിലവാരത്തിലുള്ള എൻഹാൻസ്ഡ് സ്മാർട്ട് പവർ (ഇഎസ്പി) ശക്തിപ്പെടുത്തുന്ന ഹോണ്ടയുടെ ഏറ്റവും വിശ്വസനീയമായ ഒബിഡി2 മാനദണ്ഡങ്ങൾ പാലിക്കുന്ന 110സിസി പിജിഎംഎഫ്ഐ എഞ്ചിനാണ് പുതിയ മോഡലിന്. എസിജി സ്റ്റാർട്ടർ മോട്ടോർ, പ്രോഗ്രാംഡ് ഫ്യുവൽ ഇഞ്ചക്ഷൻ (പിജിഎംഎഫ്ഐ), ഫ്രിക്ഷൻ റിഡക്ഷൻ, എന്നിവയുടെ സംയോജനമാണ് എൻഹാൻസ്ഡ് സ്മാർട്ട് പവർ. ഉയർന്ന നിലവാരമുള്ള ട്യൂബ്ലെസ് ടയറുകൾ, സോളിനോയിഡ് വാൽവ് എന്നീ നൂതന സാങ്കേതികവിദ്യകളും പുതിയ 2023 ലിവോയിലുണ്ടെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും പ്രസിഡന്റും സിഇഒയുമായ സുത്സുമു ഒട്ടാനി പറഞ്ഞു.സൗകര്യപ്രദമായ വേഗതക്കും രാത്രി സവാരിക്കും സ്ഥായിയായ പ്രകാശം നൽകുന്ന ഡിസി ഹെഡ്ലാമ്പ്, സിംഗിൾ സ്വിച്ചിൽ നിന്ന് എഞ്ചിൻ സ്റ്റാർട്ട്/സ്റ്റോപ്പ് സൗകര്യം നൽകുന്ന എഞ്ചിൻ സ്റ്റാർട്ട്/സ്റ്റോപ്പ് സ്വിച്ച്, കൂടുതൽ സൗകര്യത്തിനും ഗ്രൗണ്ട് ക്ലിയറൻസിനുമായി സീറ്റിന്റെയും (657 മി.മീ) ഇന്ധന ടാങ്കിന്റെയും സുഗമമായ സംയോജനം, അഞ്ച് ഘട്ടങ്ങളിലായി ക്രമീകരിക്കാവുന്ന റിയർ സസ്പെൻഷൻ, സർവീസ് ഡ്യൂ ഇൻഡിക്കേറ്റർ, ഈക്വലൈസറോട് കൂടിയ കോമ്പി ബ്രേക്ക് സിസ്റ്റം (സിബിഎസ്) എന്നീ നൂതന സൗകര്യങ്ങളും പുതിയ മോഡലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ആകർഷകമായ പുതിയ ഗ്രാഫിക്സും, മോഡേൺ ഫ്രണ്ട് വിസറും, ആകർഷകമായ ടെയിൽലാമ്പും പുതിയ 2023 ലിവോയ്ക്ക് കൂടുതൽ രൂപഭംഗി നൽകും. ആകർഷകമായ മീറ്റർ ഡിസൈനും, ബോൾഡ് ടാങ്കുമാണ് വാഹനത്തിന്റെ മനോഹരിത കൂട്ടുന്ന മറ്റുഘടകങ്ങൾ.പുതിയ ലിവോ അതിന്റെ സെഗ്മെന്റിൽ ശൈലിയുടെയും പ്രകടനത്തിന്റെയും മൂല്യത്തിന്റെയും മാനദണ്ഡം ഉയർത്തുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ടെന്നും സുത്സുമു ഒട്ടാനി പറഞ്ഞു. ആധുനിക കാലത്തെ റൈഡർമാരുടെ പ്രതീക്ഷകൾ നിറവേറ്റുന്ന ശൈലിയുടെയും സുഖസൗകര്യങ്ങളുടെയും പ്രകടനത്തിന്റെയും സമ്പൂർണ സംയോജനമാണ് 2023 ഹോണ്ട ലിവോ എന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.ഉപഭോക്താക്കൾക്കായി പ്രത്യേക പത്ത് വർഷ (3 വർഷത്തെ സ്റ്റാൻഡേർഡ് + 7 വർഷത്തെ ഓപ്ഷണൽ) വാറന്റി പാക്കേജും പുതിയ മോഡലിനൊപ്പം ഹോണ്ട വാഗ്ദാനം ചെയ്യുന്നു. അത്ലറ്റിക് ബ്ലൂ മെറ്റാലിക്, മാറ്റ് ക്രസ്റ്റ് മെറ്റാലിക്, ബ്ലാക്ക് എന്നിങ്ങനെ ആകർഷകമായ മൂന്ന് നിറങ്ങളിൽ പുതിയ 2023 ലിവോ ലഭ്യമാകും. ഡിസ്ക് വേരിയന്റിന് 82,500രൂപയും, ഡ്രം വേരിയന്റിന് 78,500 രൂപയുമാണ് ഡൽഹി എക്സ്ഷോറൂം വില.



# ഡ്യൂറോഫ്ളക്സിന്റെ ഡ്യൂറോപീഡിക് മാട്രസ്സുകൾ വിപണിയിൽ

**കൊച്ചി:** ഇന്ത്യയിലെ മുൻ നിര സ്ലീപ് സൊല്യൂഷൻ ദാതാക്കളായ ഡ്യൂറോഫ്ളക്സ് വികസിപ്പിച്ചെടുത്ത തങ്ങളുടെ ഏറ്റവും പുതിയ ഡ്യൂറോപീഡിക് മാട്രസ്സുകളുടെ ശ്രേണി വിപണിയിറക്കി. നല്ല ഉറക്കം, നല്ല ആരോഗ്യം എന്ന ഡ്യൂറോഫ്ളക്സിന്റെ മുദ്രാവാക്യത്തിൽ ഊന്നികൊണ്ട് പ്രത്യേക മാട്രസ്സുകളാണ് ഡ്യൂറോപീഡിക് മാട്രസ്സുകളെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഇതിന്റെ പ്രചാരണത്തിനായി ദേശീയ ബ്രാൻഡ് അംബാസഡറായ വിരാട് കോഹ്ലി കേന്ദ്ര കഥാപാത്രമാകുന്ന പുതിയ പരസ്യ ചിത്രം കൂടി കമ്പനി പുറത്തിറക്കിയിട്ടുണ്ട്.ആരോഗ്യത്തെ കുറിച്ചും കായികക്ഷമതയെ കുറിച്ചും സംസാരിക്കുമ്പോൾ നമ്മുടെ സംഭാഷണങ്ങളിൽ കടന്നുവരേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ഇപ്പോഴും സംഭവിക്കാറില്ല. നിങ്ങൾ ജിമ്മിൽ എന്തു ചെയ്തു അല്ലെങ്കിൽ എത്രത്തോളം നന്നായി നിങ്ങൾ പരിശീലിക്കുന്നു എന്നതു മാത്രമല്ല അത്. അതെപ്പോഴും ജീവിതശൈലിയെ കുറിച്ചായിരിക്കണം. ജീവിതശൈലിയെ കുറിച്ച് സംസാരിക്കുമ്പോൾ നിർണ്ണായകമായ വിഷയം ഉറക്കമാണ്. പരിശീലനത്തോടും നല്ല ഭക്ഷണക്രമത്തോടും നിങ്ങളുടെ ശരീരം പ്രതികരിക്കണമെങ്കിൽ ആരോഗ്യകരമായ 8 മണിക്കൂർ നീളുന്ന ഉറക്കം ലഭിക്കേണ്ടത് പ്രധാനമാണ്. ഞാൻ നന്നായി ഉറങ്ങാറുണ്ട്. ഞാൻ ദീർഘനേരം ഉറങ്ങുന്നത് ഊർജ്ജസ്വലത തിരിച്ചു പിടിക്കാൻ എന്നെ സഹായിക്കാറുണ്ട്. ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകവും ഇതുതന്നെയാണെന്നും വിരാട് കോഹ്ലി പറഞ്ഞു.




# ലോക ഫോട്ടോഗ്രാഫി ദിനം ആഘോഷിക്കാൻ സാൻഡിസ്ക്

**കൊച്ചി:** 2023ലെ കണക്കുകൾ പ്രകാരം ഒരു ശരാശരി ഉപഭോക്താവിന് അവരുടെ സ്മാർട്ട്ഫോണിൽ 2,000 ഫോട്ടോകൾ ഉണ്ട്, ഐഒഎസ് ഉപയോക്താക്കൾ 2,400 ഫോട്ടോകൾക്ക് അടുത്തും ആൻഡ്രോയിഡ് ഉപയോക്താക്കൾ 1,900 ഫോട്ടോകളുമാണ്. ഫോൺ. ലോക ഫോട്ടോഗ്രാഫി ദിനത്തെ അനുസ്മരിക്കാൻ സാൻഡിസ്ക് 1ടിബി വരെ കപ്പാസിറ്റി വാഗ്ദാനം ചെയ്യുന്ന സാൻഡിസ്ക് എക്സ്ട്രീം മൈക്രോ എസ്ഡി കാർഡ് പോലുള്ള ഉയർന്ന ശേഷിയുള്ള മൈക്രോ എസ്ഡി കാർഡ് വാഗ്ദാനം ചെയ്യുന്നു. മറ്റൊരു സംഭരണ ഓപ്ഷൻ സാൻഡിസ്കിൽ നിന്നുള്ള സാൻഡിസ്ക് അൾട്രാ ഡ്രൈവ് യു എസ് ബി ടൈപ്പ് സി ആണ്, ഇത് യു എസ് ബി സി സ്മാർട്ട്ഫോണിൽ എളുപ്പത്തിൽ ഇടം സൃഷ്ടിക്കുകയും സ്മാർട്ട്ഫോണുകൾ, ടാബ്ലെറ്റുകൾ, ലാപ്ടോപ്പുകൾ എന്നിവ പോലുള്ള അനുയോജ്യമായ ഉപകരണങ്ങൾക്കിടയിൽ ഉള്ളടക്കം കൈമാറുകയും ചെയ്യുന്നു.

# മൾട്ടി അസ്സറ്റ് ഫണ്ടുമായി ശ്രീറാം മ്യൂച്വൽ ഫണ്ട്

**കൊച്ചി:** മുൻനിര ധനകാര്യ, നിക്ഷേപ കമ്പനിയായ ശ്രീറാം എഎംസി പുതിയ മൾട്ടി അസ്സറ്റ് അലോക്കേഷൻ ഫ് അവതരിപ്പിച്ചു. ഓഹരി, കടപ്പത്രം, സ്വർണം/വെള്ളി ഇടിഎഫ് തുടങ്ങി വിവിധ ആസ്തികളിൽ നിക്ഷേപിക്കാൻ അവസരമുള്ള ഈ ഫ് റിസ്ക് കുറഞ്ഞ നിക്ഷേപത്തിനും ദീർഘകാല വരുമാനത്തിനും മികച്ച മാർഗമൊരുക്കുന്നു. ഈ ഫിൽ സെപ്തംബർ ഒന്നു വരെ നിക്ഷേപിക്കാം. ഒറ്റത്തവണ നിക്ഷേപത്തിനായുള്ള ചുരുങ്ങിയ തുക 5000 രൂപയാണ്. എസ്ഐപികൾക്ക് പ്രതിമാസം 1000 രൂപ, ത്രൈമാസത്തിൽ 3000 രൂപ എന്നിങ്ങനെ നിക്ഷേപിക്കാം. ലോക്ക്ഇൻ പിരീഡ് ഇല്ല. ഫിന്റെ 65 ശതമാനം മുതൽ 80 ശതമാനം വരെ മികച്ച പ്രകടനം കാഴ്ചവെക്കുന്ന ഓഹരികളിലായിരിക്കും നിക്ഷേപിക്കുക. 10 ശതമാനം മുതൽ 25 ശതമാനം വരെ ഉയർന്ന ഗുണമേന്മയുള്ള സർക്കാർ അല്ലെങ്കിൽ സർക്കാർ പിന്തുണയുള്ള കടപ്പത്രങ്ങളിലും സ്വർണം/വെള്ളി ഇടിഎഫുകളിലും 10 ശതമാനം വരെ റിയൽ എസ്റ്റേറ്റ് നിക്ഷേപ ട്രസ്റ്റുകളിലും നിക്ഷേപിക്കും.

# സ്പെഷ്യൽ എഡിഷൻ ഓണം മെഗാ ബക്കറ്റ് അവതരിപ്പിച്ച് കെഎഫ്സി

**കൊച്ചി:** സ്പെഷ്യൽ എഡിഷൻ ഓണം മെഗാ ബക്കറ്റ് അവതരിപ്പിച്ച് കെഎഫ്സി ഇന്ത്യ ഓണാഘോഷം ഗംഭീരമാക്കാൻ ഒരുങ്ങുകയാണ്. പ്രത്യേകം രൂപകൽപ്പന ചെയ്ത ബക്കറ്റ്, തനതായ കെഎഫ്സി ശൈലിയിൽ ഓണാഘോഷത്തിന്റെ




പ്രസരിപ്പ് ചിത്രീകരിക്കുന്നു മനോഹരമായി രൂപകൽപന ചെയ്ത പൂക്കളം, ഓരോ വള്ളത്തിലും പുലികളി തുടങ്ങിയ സാംസ്കാരിക ഘടകങ്ങളുടെ നേർക്കാഴ്ചകൾക്കൊപ്പം . പുരോഗമിക്കുന്ന വള്ളംകളിയുടെ ഊർജ്ജസ്വലമായ ഗതി സ്പഷ്ടമായി പകർത്തുന്ന ഒരു ചിത്രീകരണമാണ് ബക്കറ്റ് ഡിസൈൻ, ഓണം മെഗാ ബക്കറ്റിൽ ഉപയോഗിച്ചിരിക്കുന്ന വർണ്ണ പാലറ്റ്, സമൃദ്ധിയും സന്തോഷവും ആഘോഷിക്കുന്ന ഉത്സവത്തിന്റെ സന്തോഷകരമായ ചൈതന്യത്തെ പ്രതിഫലിപ്പിക്കുന്നു. ഐശ്വര്യം, ഫലപുഷ്ടി, ഊർജം എന്നിവയെ പ്രതീകപ്പെടുത്തുന്ന പ്രസന്നവും സന്തോഷദായകവുമായ നിറങ്ങൾ സ്പെഷൽ എഡിഷൻ ബക്കറ്റിൽ പ്രത്യേക സ്ഥാനം പിടിക്കുന്നു.36 ശതമാനം കിഴിവോടുകൂടിയ ഓഫറുകളുടെ നിരയാണ് ഓണാഘോഷത്തിന് അവതരിപ്പിക്കുന്നത്.കേരളത്തിലുടനീളമുള്ള എല്ലാ റസ്റ്റോറന്റുകളിലും കുടുംബം മുഴുവനായും ആസ്വദിക്കാൻ സാധ്യമാകുന്ന വിധത്തിൽ വൈവിധ്യമാർന്ന കെഎഫ്സി ഫേവറിറ്റുകളുള്ള ഗ്രാന്റ് ഫീസ്റ്റ് ബക്കറ്റ് ലഭ്യമാണെന്നും അധികൃതർ അറിയിച്ചു.

# ആമസോൺ പേ : ക്യാംപയിനുമായി ആയുഷ്മാൻ ഖുറാന

amazon pay

**തിരുവനന്തപുരം :** ആമസോൺ പേയുടെ പുതിയ കാംപെയ്ൻ 'ബിൽ പേയ്മെന്റ്സ് കാ സ്മാർട്ടർ വേ'യിൽ ബോളിവുഡ് താരം ആയുഷ്മാൻ ഖുറാന. ഉപഭോക്താക്കൾക്ക് എല്ലാ ബില്ലുകളും ഒരിടത്ത് തന്നെ കൈകാര്യം ചെയ്യാവുന്ന ആശയത്തിനാണ് കാംപെയിൻ അടിവര ഇടുന്നത്.ആമസോൺ പേ ബാലൻസ്, ആമസോൺ പേ ലേറ്റർ എന്നിവ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് സൗകര്യപ്രദവും വേഗത്തിലുള്ളതുമായ 1ക്ലിക്ക് ബിൽ പേയ്മെന്റ് അനുഭവം ആസ്വദിക്കാം, 5 സെക്കൻഡിനുള്ളിൽ ബില്ലുകൾ അടയ്ക്കുകയും ചെയ്യാം.ഉപഭോക്താക്കൾക്ക് അവരുടെ റീചാർജുകൾക്കും ബില്ലുകൾക്കും യുപിഐ , ക്രെഡിറ്റ് കാർഡ് പോലെ ഇഷ്ടമുള്ള പേയ്മെന്റ് ഗേറ്റ്വേ ഉപയോഗിച്ച് പണമടയ്ക്കാനുള്ള സൗകര്യമുു. ഈ കാംപെയിനിലൂടെ, ഉപഭോക്താക്കൾക്ക് ദൈനംദിന ഇടപാടുക്ക് ഓഫറുകളും റിവാർഡുകളും സഹിതം ബിൽ പേയ്മെന്റുകളും റീചാർജുകളും സുഗമമാക്കുന്നു.ഉപഭോക്താക്കൾക്ക് റീചാർജ്, ബിൽ പേയ്മെന്റ് അനുഭവം ലളിതമാക്കാനും ആധുനികമാക്കാനുമുള്ള ഞങ്ങളുടെ ശ്രമമാണ് 'ബിൽ പേയ്മെന്റ് കാ സ്മാർട്ടർ വേ' എന്ന് യൂസർ ഗ്രോത്തിന്റെ ഡയറക്ടറും, ആമസോൺ പേ ഇന്ത്യയുടെ സിഎംഒ യുമായ അനുരാധ അഗർവാൾ പറഞ്ഞു.

# 'കോവളം മാരത്തോൺ 2023' സെപ്റ്റംബർ 24ന് തിരുവനന്തപുരത്ത്




**തിരുവനന്തപുരം:** ഡിഎൽടി ലെഡ്ജേർസ് കോവളം മാരത്തോൺ സെപ്റ്റംബർ 24 ന് നടക്കും. സന്നദ്ധ സംഘടനയായ യങ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്ററിന്റെ നേതൃത്വത്തിലാണ് സമുദ്രങ്ങൾ സംരക്ഷിക്കേണ്ടതിന്റെയും ആരോഗ്യത്തോടെ ജീവിക്കേണ്ടതിന്റെയും ആവശ്യകതകൾ വിളിച്ചോതുന്ന മാരത്തോൺ സംഘടിപ്പിക്കുന്നത്. കോവളം ഗ്രോവ് ബീച്ചിൽ നിന്ന് ആരംഭിക്കുന്ന മാരത്തോൺ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്ന കേരളത്തിലെ തന്നെ അപൂർവ്വം മാരത്തോണുകളിൽ ഒന്നാണെന്ന് യങ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്റർ ചെയർമാൻ അനിന്ദ് ബെൻ റോയ് പറഞ്ഞു.സമുദ്ര സംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മാരത്തോൺ സംഘടിപ്പിക്കുന്നത്. ഇതോടൊപ്പം തന്നെ തിരക്കുപിടിച്ച ഇക്കാലത്ത് ആരോഗ്യത്തോടെ ജീവിക്കേണ്ടതിന്റെയും കായികക്ഷമത ഉറപ്പുവരുത്തുന്നതിന്റെയും ആവശ്യകത സംബന്ധിച്ച് സമൂഹത്തിന് അവബോധം സൃഷ്ടിക്കുക എന്നതും ലക്ഷ്യമാണ്. ഇക്കാര്യങ്ങൾ മുൻനിർത്തിയാണ് മാരത്തോൺ എന്ന ആശയത്തിലേക്ക് യങ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്റർ എത്തിയത്. ഫുൾ മാരത്തോൺ (42.2 കി.മീറ്റർ), ഹാഫ് മാരത്തോൺ (21.1 കി.മീറ്റർ), 10കെ റൺ (10 കി.മീറ്റർ), ഫൺ റൺ (അഞ്ച് കി.മീറ്റർ), കോർപ്പറേറ്റ് റിലേ (അഞ്ച് കി.മീറ്റർ) എന്നീ ഇനങ്ങളിൽ നടക്കുന്ന മാരത്തോണിൽ സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്നുള്ളവർക്ക് പങ്കെടുക്കാനാകും.യങ്ങ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്റർ നടത്തുന്ന പരിപാടി എന്ന നിലയിലാണ് അന്താരാഷ്ട്ര തലത്തിൽ തന്നെ പ്രശസ്ത കടൽത്തീരമായ കോവളത്തെ മാരത്തോണിനായി തിരഞ്ഞെടുത്തത്. തലസ്ഥാന നഗരിയിൽ നടക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള ആദ്യ ഫുൾ മാരത്തോൺ എന്ന പ്രത്യേകതയും കോവളം മാരത്തോണിനുണ്ട്.മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്ക് മാത്രമാണ് മാരത്തോണിൽ പങ്കെടുക്കാനാകൂ. കുടിവെള്ളവും ഇലക്ട്രോലൈറ്റുകളും ലഘു ഭക്ഷണവും അടക്കമുള്ള ഹൈഡ്രേഷൻ സപ്പോർട്ടും ടീഷർട്ടും മാരത്തോണിൽ പങ്കെടുത്തതിനുള്ള മെഡലും നൽകും. ഫുൾ, ഹാഫ് മാരത്തോൺ, 10കെ റൺ എന്നിവയിൽ പല ഇനങ്ങളിലായി 18 വയസിന് മുകളിലുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും മറ്റു വിഭാഗങ്ങളിലുള്ളവർക്കും പങ്കെടുക്കാനാകും. അതേസമയം അഞ്ച് കിലോമീറ്റർ വിഭാഗത്തിൽ 10 വയസിന് മുകളിലുള്ളവർക്കും പങ്കെടുക്കാൻ അവസരമുണ്ട്. ഫുൾ, ഹാഫ്, 10കെ മാരത്തോണുകളിൽ പങ്കെടുക്കുന്നവർക്ക് ഫിനിഷ് ചെയ്ത സമയം കൃത്യമായി ലഭിക്കുന്നതിന് ആർ. എഫ്.ഐ.ഡി സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ചിപ്പ് അടങ്ങിയ ബിബുകൾ നൽകും.മാരത്തോണിലൂടെ സ്വരൂപിക്കുന്ന പണം സമുദ്ര സംരക്ഷണത്തിന് വേണ്ടി ചിലവഴിക്കാനാണ് ലക്ഷമിടുന്നതെന്നും പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സെപ്തംബർ 10ന് മുൻപായി https://kovalammarathon.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണമെന്നും സംഘാടകർ വ്യക്തമാക്കി. ഡിഎൽടി ലെഡ്ജേർസിനെ കൂടാതെ, ആക്സിയ ടെക്നോളജീസ്, പ്യൂർ ഹാർട്ട്, വാസുദേവ വിലാസം തുടങ്ങിയ ബ്രാന്റുകളും മാരത്തോണിന്റെ സ്പോൺസർഷിപ് പങ്കാളികളാണ്.തിരുവനന്തപുരത്ത് നടന്ന വാർത്താസമ്മേളനത്തിൽ യങ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്റർ ചെയർമാൻ അനിന്ദ് ബെൻ റോയ്, കോ ചെയർമാൻ സാജൻ എസ് നന്ദൻ, മുൻ ചെയർമാൻ ഡോ. അരുൺ സുരേന്ദ്രൻ, കാലാവസ്ഥാ വിഭാഗം അധ്യക്ഷൻ ടെറൻസ് അലക്സ്, കോവളം മാരത്തോൺ 2023 കോ കൺവീനർ ഷിനോമോൾ പാലത്താനത്ത് തുടങ്ങിയവർ പങ്കെടുത്തു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മുളന്തുരുത്തി അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിന്റെ ആവശ്യത്തിനായി 2023 ഒക്ടോബർ മുതൽ 2024 സെപ്റ്റംബർ വരെ ഒരു വർഷത്തേക്ക് വാഹനം വാടകയ്ക്ക് നൽകുന്നതിന് താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി മത്സര സ്വഭാവമുള്ള ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 5 ഉച്ചയ്ക്ക് 12 വരെ. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ പഞ്ചായത്ത് കാര്യാലയത്തിൽ പ്രവർത്തിക്കുന്ന മുളന്തുരുത്തി അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസുമായോ 04842786680 9188959730, 9947864784).എന്ന നമ്പരുകളിലോ ബന്ധപ്പെടാം.

## റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

**കൊച്ചി:** സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലെ പാലക്കാട് പെരിങ്ങോട്ടുകുറുശ്ശി ഗവ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിങ് സെന്ററിൽ 2023 2025 വർഷത്തെ എ.എൻ.എം കോഴ്സിനുള്ള അപേക്ഷ സമർപ്പിച്ച പാലക്കാട്, തൃശൂർ, മലപ്പുറം,എറണാകുളം, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ ഉദ്യോഗാർഥികളുടെ താത്കാലിക റാങ്ക് ലിസ്റ്റ് തയ്യാറായി. അതാത് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നോ, പാലക്കാട്, പെരിങ്ങോട്ടുകുറുശ്ശി ജെ.പി.എച്ച്.എൻ ട്രെയിനിങ് സെന്ററിൽ നിന്നോ വിവരം അറിയാം.

# സപ്ലൈകോ: എറണാകുളം ജില്ലാ ഫെയറിന് ഇന്ന് തുടക്കം




**കൊച്ചി:** സപ്ലൈകോ ഓണം ഫെസ്റ്റ് 2023ന്റെ ഭാഗമായ എറണാകുളം ജില്ലാ ഓണം ഫെയറിന് ഇന്ന് വൈകീട്ട് 5 . 30ന് കലൂർ ജവഹർലാൽ നെഹ്റു ഇൻററനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ തുടക്കമാവുകയാണ്. വനിതസപ്ലൈകോ ഓണം ഫെയറിന്റെ ഭാഗമായാണ് ഇത്തവണത്തെ ജില്ലാ ഓണം ഫെയർ. സപ്ലൈകോയുടെ ജില്ലാതല ഓണം ഫെയറിന്റെ ഉദ്ഘാടനം ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ നിർവഹിക്കും. വ്യവസായ വാണിജ്യ നിയമകയർ വകുപ്പ് മന്ത്രി പി രാജീവ് അധ്യക്ഷനായിരിക്കും. കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ മുഖ്യാതിഥിയും ഹൈബി ഈഡൻ എംപി മുഖ്യപ്രഭാഷണവും നടത്തുന്ന ചടങ്ങിൽ ഉമ തോമസ് എംഎൽഎ ആദ്യ വിൽപന നിർവഹിക്കും. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഉല്ലാസ് തോമസ്, നഗരസഭ ഡിവിഷൻ കൗൺസിലർ അഡ്വ. ദീപ്തി മേരി വർഗീസ്, സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ശ്രീറാം വെങ്കിട്ടരാമൻ, പൗരപ്രമുഖരും രാഷ്ട്രീയകക്ഷി നേതാക്കളുമായ കെ എൻ ദിനകരൻ, സി മണി, മുഹമ്മദ് ഷിയാസ്, കെ എസ് ഷൈജു, കെ എ അബ്ദുൽ മജീദ്, ടോമി ജോസഫ്, ഇ എം മൈക്കിൾ, ടി സഹീർ, ഡിപോ മാനേജർ സജീവ് പോൾ തുടങ്ങിയവർ സംസാരിക്കും. ഓണം ഫെയറിലും സപ്ലൈകോയുടെ വില്പന ശാലകളിലും സബ്സിഡി സാധനങ്ങൾ നൽകുന്നതിന് പുറമെ, ഓഗസ്റ്റ് 28 വരെ വിവിധ നിത്യോപയോഗ സാധനങ്ങൾക്ക് വൻ ഓഫറുകൾ ഉണ്ടായിരിക്കും. വിവിധ ഉൽപ്പന്നങ്ങൾക്ക് അഞ്ചു മുതൽ 50 ശതമാനം വരെ വിലക്കുറവും, വിവിധ എഫ് എം സി ജി (എമഌ ങീശിഴ ഇീിൗാല്യ ഏീീറ) ഉൽപ്പന്നങ്ങളുടെ കോംബോ ഓഫറും ഉണ്ടായിരിക്കും. ജില്ലാ ഫെയറുകളിൽ സപ്ലൈകോയുടെ ശബരി വെളിച്ചെണ്ണ രണ്ടു ലിറ്ററിന് ഒരു ലിറ്റർ സൗജന്യം, ശബരി ആട്ട രണ്ടു കിലോ വാങ്ങുമ്പോൾ ഒരു കിലോ സൗജന്യം എന്നീ ഓഫറുകൾക്ക് പുറമെ തെരഞ്ഞെടുത്ത ശബരി ഉത്പന്നങ്ങൾക്ക് 25 ശതമാനം വരെ വിലക്കുറവുണ്ട്. രാവിലെ 10 മുതൽ വൈകിട്ട് 9 വരെയാണ് ഫെയർ പ്രവർത്തിക്കുക.

